# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: കെ.ബിജു.ഐ.എ.എസ്)

നമ്പർ.എ3/5350/2011.

തൈക്കാട്, തിരുവനന്തപുരം-14,
തിയതി: 22/05/2012.

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ടുമാരുടെ ഉദ്യോഗക്കയറ്റം വഴിയുള്ള നിയമനവും സ്ഥലംമാറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

പരാമർശം:- 1. 6671/സി1/11/തൊഴിൽ നമ്പർ സർക്കാർ കത്ത് തീയതി : 17/05/2012
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 17.11.2011 തീയതിയിലെ എ4/27983/2011 നമ്പർ ഉത്തരവ്.
3. 21/05/2012 -ലെ അസാധാരണ ഗസറ്റ് വാല്യം 1035

വ്യാവസായിക പരിശീലന വകുപ്പിലെ അഡ്ഹോക്ക് ഡി.പി.സി (ലോവർ) 27/03/2012 –ൽ കൂടിയ യോഗത്തിൽ തയ്യാറാക്കിയ, സീനിയർ സൂപ്രണ്ടുമാരായി ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹതയുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ് സർക്കാരിലേയ്ക്ക് അയയ്ക്കുകയും ആയത് ഗസറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടി സ്വീകരിക്കാൻ പരാമർശം ഒന്ന് പ്രകാരം അറിയിക്കുകയും 21/05/2012തീയതിയിലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരിക്കുന്നു.

നിലവിൽ വകുപ്പിൻ കീഴിൽ സീനിയർ സൂപ്രണ്ട്മാരുടെ രണ്ട് ഒഴിവുകളാണ് ഉള്ളത്. ശ്രീ. എ.കെ. റഷീദ്, സീനിയർ സൂപ്രണ്ട് സ്ഥലം മാറിയത് മൂലം 28/04/2012 ൽ ആര്യനാട് ഐ.ടി.ഐ.യിലും ശ്രീമതി. ബി രമ 30/04/12 ൽ റിട്ടയർ ചെയ്തത് മൂലം 01/05/2012 ൽ ചാത്തന്നൂർ ഐ.റ്റി.ഐ.യിലും ആണ് ഒഴിവുകൾ ഉണ്ടായിട്ടുള്ളത്. കൂടാതെ ശ്രീ. യു. രാജേന്ദ്ര വർമ്മ, സീനിയർ സൂപ്രണ്ട്, 31/05/2012 ൽ റിട്ടയേർ ചെയ്യുന്നത് മൂലം 01/06/2012 ൽ ചാലക്കുടി (വ) ഐ.ടി.ഐ.യിലും ഒരു ഒഴിവ് ഉണ്ടാകുന്നുണ്ട്. ഈ ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഒഴിവ് നിലവിലുള്ള സ്ഥാപനത്തിന്റെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | ഐ.ടി.ഐ. ആര്യനാട് | 1 |
| 2. | ഐ.ടി.ഐ. ചാത്തന്നൂർ | 1 |
| 3. | ഐ.ടി.ഐ. (വ) ചാലക്കുടി | 1 (01/06/2012 ന്) |

ടി ഒഴിവുകളിലേയ്ക്ക് ഒന്നാം പരാമർശം പ്രകാരം ഡി.പി.സി (അഡ്ഹോക്ക്) അംഗീകരിച്ച സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ 1,2,4 ആയിട്ടുള്ള സീനിയോറിറ്റി ലിസ്റ്റ് റാങ്ക് നമ്പർ 74,77,79 ആയ (ക്രമ നമ്പർ 3 ആയ ശ്രീമതി. **എം.എച്ച്.സൗജിത്ത്** 30/04/2012 ൽ റിട്ടയേർ ചെയ്തു). താഴെ പറയുന്ന ജൂനിയർ സൂപ്രണ്ട്മാരെ കെ.എസ്.& എസ്.എസ്.ആറിലെ പൊതുചട്ടം 28 (ബി) (ii) പ്രകാരം 10790 –18000 (പ്രീ-റിവൈസ്ഡ്) രൂപാ ശമ്പള നിരക്കിൽ സീനിയർ സുപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| **ക്രമ നം.** | **സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ** | **പേരും നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനവും** |
|---|---|---|
| 1. | 74 | എൻ.പി. പദ്മകുമാർ<br>ഐ.ടി.ഐ. (വ) കൊല്ലം |
| 2. | 77 | പി.എം. രാമൻ<br>ഐ.ടി.ഐ. മലമ്പുഴ |
| 3. | 79 | പി.പി. ബാബു<br>ആർ.ഐ. സെന്റർ, കൊല്ലം<br>(01/06/12 ൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക്) |

കൂടാതെ ശ്രീ. വി. ഗോപകുമാർ, സീനിയർ സുപ്രണ്ട്. ഐ.ടി.ഐ. ചെങ്ങന്നൂർ, ചാലക്കുടി (വ) ഐ.ടി.ഐ.യിലേയ്ക്കും, ശ്രീ. ബി. ജയകുമാർ, സീനിയർ സൂപ്രണ്ട്, ബി.റ്റി.സി. കൊല്ലം, ഐ.ടി.ഐ. ചെങ്ങന്നൂരേയ്ക്കും, ശ്രീ. ഡി. പ്രമോദ്, സീനിയർ സുപ്രണ്ട്, ഐ.ടി.ഐ. (വ) കൊല്ലം തിരുവനന്തപുരം ജില്ലയിലേയ്കും സ്ഥലം മാറ്റത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. ടിയാളുകളിൽ ശ്രീ. ബി. ഗോപകുമാറിനും ഡി. പ്രമോദിനും സ്ഥലം മാറ്റത്തിന് അർഹതയുണ്ട്.

ഇപ്രകാരം ഉദ്യോഗക്കയറ്റവും സ്ഥലംമാറ്റവും നൽകിയ ഉദ്യോഗസ്ഥരെ താഴെ പറയും പ്രകാരം നിയമിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

| ക്രമ നം | **ഉദ്യോഗസ്ഥന്റെ പേരും തസ്തികയും** | **ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം** | **സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം** | റിമാർക്സ് |
|---|---|---|---|---|
| 1. | ഡി. പ്രമോദ്,<br>സീനിയർ സൂപ്രണ്ട്. | ഐ.ടി.ഐ. (വ)<br>കൊല്ലം. | ഐ.ടി.ഐ.<br>ആര്യനാട് | തുറന്ന ഒഴിവ് |
| 2. | എൻ.പി. പദ്മകുമാർ,<br>ജൂനിയർ സൂപ്രണ്ട് | ഐ.ടി.ഐ. (വ)<br>കൊല്ലം | ഐ.ടി.ഐ.<br>ചാത്തന്നൂർ | തുറന്ന ഒഴിവ് |
| 3. | പി.പി. ബാബു,<br>ജൂനിയർ സൂപ്രണ്ട് | ആർ.ഐ.സെന്റർ,<br>കൊല്ലം | ഐ.ടി.ഐ.<br>(വ) കൊല്ലം | 01/06/2012 പ്രാബല്യത്തിൽ ഡി. പ്രമോദിന്റെ സ്ഥലം മാറ്റമുണ്ടാകുന്ന ഒഴിവിൽ |

| | | | | |
|---|---|---|---|---|
| 4. | പി.എം. രാമൻ,<br>ജൂനിയർ സൂപ്രണ്ട് | ഐ.ടി.ഐ.<br>മലമ്പുഴ | ഐ.ടി.ഐ.<br>ചെങ്ങന്നൂർ | വി. ഗോപകുമാർ സ്ഥലം മാറുന്ന ഒഴിവിൽ |
| 5. | വി. ഗോപകുമാർ,<br>സീനിയർ സൂപ്രണ്ട് | ഐ.ടി.ഐ.<br>ചെങ്ങന്നൂർ | ഐ.ടി.ഐ.<br>(വ) ചാലക്കുടി | 01/06/2012 പ്രാബല്യത്തിൽ ശ്രീ. യു. രാജേന്ദ്ര വർമ്മ റിട്ടയർ ചെയ്യുന്ന ഒഴിവിൽ. |

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ ഓപ്ഷൻ നൽകിയിരിക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് നിയമപ്രകാരം യാത്രാബത്ത, സേവനത്തിൽ പ്രവേശിക്കാനുള്ള പ്രവേശന കാലം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും. അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥന് യാത്രാബത്തയോ പ്രവേശനകാലമോ അനുവദിക്കുന്നതല്ല. എന്നാൽ ഇപ്പോൾ ജോലി ചെയ്യുന്ന സെക്ഷനിൽ ഒരു വർഷം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ യാത്രാപടിക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

*(ഒപ്പ്)*
**ട്രെയിനിംഗ് ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്.

**പകർപ്പ്:-** 1. അക്കൗണ്ടന്റ് ജനറൽ (എ&ജെ) (ആമുഖ കത്ത് സഹിതം).
2. സെക്രട്ടറി, തൊഴിലും പുനരധിവാസവും വകുപ്പ് (ആമുഖ കത്ത് സഹിതം).
3. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവികൾക്കും.
4. ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ആഫീസർമാർക്കും സെക്ഷൻ സൂപ്രണ്ടുമാർക്കും.
5. കരുതൽ ഫയൽ.

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

*SP/22/05*
*(D)*